# പലകവിതകൾക്ക് കൂടുള്ള കാട്

ഡോ. ഇ.എം. സുരജ

എപ്പോഴും സൗവർണ്ണപ്രതിപക്ഷമായിരുന്നോളാമെന്ന് കവിതയ്ക്ക് മുമ്പേ ഒരു നിലപാടുണ്ട്. എന്നാൽ, നീതിപുലരാൻ വേണ്ടി, അത്രയൊന്നും സൗവർണ്ണമായിട്ടല്ലാതെതന്നെ കാലത്തെ വിചാരണചെയ്യുകയും ക്രൂരമെന്നു പോലും വിളിയ്ക്കാവുന്ന വിധിപ്രസ്താവങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന കവിതകളുടെ സമാഹാരമാണ്, 'ഞാനെന്റെ എതിർകക്ഷി'. ഒഴിവുകഴിവുകളുടെ പച്ചവിറകിന്മേൽ ജന്മദീർഘമായ ശവദാഹത്തിന് സ്വയം വിട്ടു കൊടുക്കുന്നവരോടുള്ള കലഹം അദ്ദേഹത്തിന്റെ കവിതകൾക്ക് പുത്തരിയല്ല. കലഹംപോലും ഒഴിവുകഴിവാകുന്ന കാലത്ത്, സ്വയം വാദിയായി, വക്കീലായി, പ്രതിയും ജഡ്ജിയുമായി പകർന്നാടി എതിർവാദങ്ങൾ ഉന്നയിയ്ക്കേണ്ടതുണ്ട് എന്ന് ഓർമ്മിപ്പിയ്ക്കുകയാണ് ഇവിടെ, കവിത.

ഒരാൾക്ക് തന്റെ തന്നെ എതിർകക്ഷിയായിരിയ്ക്കുക എന്നത് ഒട്ടും എളുപ്പമല്ല. പ്രത്യേകിച്ച്, 'ഞാൻ' എന്ന വാക്കിന് അപരിമിതമായ അർത്ഥസാദ്ധ്യതകൾ ലഭിയ്ക്കുന്ന സാഹചര്യത്തിൽ. 'ലോല'നേയും 'അതിലോല'നേയും 'രഹസ്യാരൂഢ'നേയും പോലെ കാമലോലുപൻ, 'ദുരന്തമിത്ര'നേയും, 'അലസബുദ്ധ'നേയും പോലെ സമകാലീനകപടൻ, 'ഒഴിജപക്കാരനായ ന്യായാധിപൻ', മാവോ, ലെനിൻ, ലാഭേച്ഛുവായ

സാംസ്ക്കാരികപ്രവർത്തകൻ - അങ്ങനെ ഏതുവേഷത്തിലേയ്ക്കും ചേക്കേറുന്നുണ്ട് കെ.ജി. എസ്സിന്റെ കവിതയിൽ പ്രത്യക്ഷപ്പെടുന്ന 'ഞാൻ'. 'എതിർകക്ഷി' യായ ഞാനോ, എപ്പോഴും നീതിയ്ക്കുവേണ്ടി പിടയുന്ന കവി, താഴത്തേതിൽ ദാസനെപ്പോലെ രക്തസാക്ഷി, 'സർവ്വ യ്യ'യെപ്പോലെ ദളിതൻ, നന്മയും തിന്മയും എന്നോ, നീതിയും അനീ തിയും എന്നോ, ശരിയും തെറ്റും എന്നോ ഒക്കെയുള്ള ദ്വന്ദ്വങ്ങൾ അപ്ര സക്തങ്ങളാണ്. കാരണം, അപ്പുറവും ഇപ്പുറവുമുള്ളത് 'ഞാൻ' തന്നെ. ആരുമാറ്റിയെഴുതിയാലും ക്ഷയമുക്തമാകാത്ത കാലത്തിന്റെ ക്രൂരക ഥകളെക്കുറിച്ചാണ് കെ.ജി. എസ്സിന്റെ ആകുലതകൾ. എവിടെനിന്നാ ണെങ്കിലും അതിന് ഉറപ്പിച്ചു പറയ്യാതെവയ്യ:

"സ്തുതിവാക്കിലാടുന്ന വാലല്ല
എതിർവാക്കിലാളുന്ന നീതി, കല"

(ഗോർക്കിയെക്കൊണ്ടു പൊറുതിമുട്ടിയപ്പോൾ)

ഏതു ബന്ധത്തിലും എന്നും വിചാരണ നടക്കുന്നുണ്ട്. അപ്പോൾ, അവനവനെ വിചാരണചെയ്യേണ്ടതാരാണ്?

" ഞാൻ വാദി
ഞാനെന്റെ എതിർകക്ഷി
സാക്ഷി
വക്കീൽ
ഞാൻ തന്നെ കോടതിയും
കിട്ടുമോ നീതി
ഞാൻ പുരളാതെ-?

(ഞാൻ വാദി)

ഇതിൽ ഓരോ വേഷവും മാറിമാറി അണിയുന്നുണ്ട് ഈ കവിത യിൽ 'ഞാൻ' എന്നൊരാൾ. നീതികിട്ടുക എന്നത് കവിതയുടെ എക്കാ ലത്തേയും ആവശ്യമാണ്. ആരും ദാനമായി നല്കാത്തത്, മോഷ്ടിച്ചു സ്വന്തമാക്കാനാവാത്തത്, സ്വന്തമായി സൃഷ്ടിച്ചെടുക്കാനാവാത്തത് - നീതി. അപ്പോൾ, അതെവിടെനിന്നു വരും? അതു പോരാട്ടത്തിൽ നിന്നുവരുമെന്നു പറയും കെ.ജി. ശങ്കരപ്പിള്ളയുടെ കവിത. ചവിട്ടേറ്റു വീണവന്റെ ഉയിർപ്പിൽ നിന്ന്. ഓരോ എതിർമൊഴിയും ഉൾക്കൊള്ളു ന്നത് ഉയിർത്തെണീയ്ക്കാനുള്ള ഊർജ്ജമാണ് അതിൽപക്ഷേ,

"കോടതി പലനാൾ ദൂരെ
നീതി പലജന്മം ദൂരെ: എങ്കിലും
തേടിപ്പോകാതിരുന്നില്ലാരും-
അന്ത്യാവതാരമായി നീതി വരുന്നത്
ആരെങ്കിലുമൊരുനാൾ
കാണുമെന്ന വിശ്വാസം
മറ്റൊരു മധുരവിഡ്ഢിത്തംപോലെ
പാവങ്ങൾ ഭാവികൂട്ടി നുണഞ്ഞു-"

(വെവ്വേറെ ഉണരുന്ന അവയവങ്ങൾ)

എന്ന നിരാശയും

"തിരയുകയാണ് ഞാൻ
മനസ്സ് മനസ്സിന് സുഗ്രഹമാകുന്നൊരു മനസ്സ്
വാദിച്ചു വാദിച്ച് നീതി അനീതിയാകാത്ത
പറഞ്ഞുപറഞ്ഞ് മതം വർഗ്ഗീയതയാക്കാത്ത
സംഭാഷണം യുദ്ധമാക്കാത്ത
മുൻവിധിയുടെ കോമരമാക്കാത്ത
സുതാര്യത-"

(ബാബേൽട്യൂമർ)

എന്ന പ്രത്യാശയും മാറി മാറി വന്നേയ്ക്കാം. രണ്ടും ഓരോവഴിയ്ക്ക് നീതിയ്ക്കുവേണ്ടിയുള്ള ദാഹമുൾക്കൊള്ളുന്നു. ചുംബനവും പ്രണയവും ചിന്തയും സമരമാണ് എന്നു തിരിച്ചറിഞ്ഞിട്ടുണ്ടല്ലോ ഈ കവി. വൈകിയാലും നീതി പുലരേണ്ടതുണ്ട് എന്നതിനാൽ പെൻഷൻ പറ്റി ജന്മദേശത്തേക്ക് തിരിച്ചുപോയ ന്യായാധിപന്മാരെ വേലക്കാരിയായിട്ടെങ്കിലും 'ദുർവിധി'കൾ പിൻതുടർന്നു ചെല്ലും. ഉറക്കം കെടുത്തും.

"അവന് ഞാനോ ഞാനോ
വിധിച്ചു വധശിക്ഷ?"

(അപ്പീൽ അഥവാ ഒഴിജപം)

"ഈ വിധി അന്ത്യവിധിയാവല്ലേ, മുഴുനീതി കാണട്ടെ മേൽക്കോടതി" എന്ന ഒഴിജപം ചൊല്ലി വായിച്ചതാണെങ്കിലും പിന്നീടാലോചിയ്ക്കുമ്പോൾ, "തെറ്റിയോ വിധി" എന്ന ശങ്കവന്നു സ്വൈരത്തിന്റെ കഴുത്തിൽ കുരുക്കിടും. സ്വപ്നത്തിന്റെ പിന്നാമ്പുറങ്ങളിൽ വന്ന്, തൂക്കിക്കൊല്ലാൻ വിധിയ്ക്കപ്പെട്ടവൻ തിരിച്ചു ചോദിയ്ക്കും:

"ആരേ ശരിയ്ക്കും കൊലയാളി?
നാളെയവൻ വന്ന് കുറ്റമേറ്റാൽ
ആരേല്ക്കുമെന്നെക്കൊന്നകുറ്റം?"

(പൂക്കും മരങ്ങളേ)

നിലവിളികേട്ട് ഓടിവന്നവനെ തൂക്കിക്കൊല്ലാൻ തെളിവുണ്ടാക്കുന്ന നീതിപീഠമാണ് ലോകമെന്നിരിയ്ക്കെ, ഇത്രയെങ്കിലും ചോദിയ്ക്കാതിരിയ്ക്കാനാവുമോ കവിതയ്ക്ക്? വ്യവസ്ഥാപിതമായ ഏതു ശരികേടിനേയും പ്രതിക്കൂട്ടിൽക്കയറ്റി വിസ്തരിക്കുന്ന ഈ കവിതകൾക്ക് അതേ കാരണത്താൽത്തന്നെ ചോദ്യചിഹ്നങ്ങളുടെ നിരവധി കവരങ്ങൾ മുളയ്ക്കുന്നതുകാണാം.

നിഷേധിയ്ക്കാൻ പറ്റാത്ത സൗഭാഗ്യങ്ങളുടെ വലിയൊരു വല വിരിച്ചിട്ടുണ്ട് നമുക്കുചുറ്റും പുതിയകാലം. അത്രമേൽ സുഖലോലുപരായിരിയ്ക്കാൻ, അകർമ്മണ്യരായി പുലരാൻ എല്ലാ സാധ്യതകളും തരുന്ന വല.

"ചുറ്റുപാടും പെരുംപോര്
പെൺപീഡനം, അരുംകൊല
അരുത് ഹിംസയെ-
ന്നുരിയാടുകില്ലവർ
വളരെ പഠിച്ചവർ
അലസ ഡോക്ടർ ബുദ്ധർ
നിഷ്പക്ഷർ, തീവ്ര-
സ്വകാര്യവ്രതർ-"

(അലസബുദ്ധൻ)

അത്തരം 'തീവ്ര സ്വകാര്യവ്രത'രുടെ കാലത്ത്, പ്രതികരണം തന്നെ പ്രതിരോധ പ്രവർത്തനമാണ്. എന്നാൽ പലപ്പോഴും പ്രതികരണങ്ങൾ അമൂർത്തമായ ആകാശച്ചുമരുകളിലെ ജലരേഖകൾ മാത്രമായി മാഞ്ഞു പോയേക്കാം. ഫേസ്ബുക്ക് പോസ്റ്റും, വാട്സ്ആപ്പ് ചാറ്റും തരുന്ന കൃത്രിമമായ വിരേചന സുഖം മതിയാകില്ല; ശത്രു പടിവാതില്ക്കലെത്തിനില്ക്കുമ്പോൾ. ശത്രുവിനെ തറപറ്റിച്ച പഴയകഥയുടെ ഓർമ്മയിൽ മുയൽപ്പീനത്തിൽ ചോദ്യമുയർന്നു, "ആർക്കുണ്ട് ധൈര്യം കിണറ്റിൻകരയിലേയ്ക്ക് സിംഹത്തെ കൊണ്ടുവരാൻ? കിണറ്റിലെ എതിരാളിയെ നേരിടൂ എന്നു പറയാൻ? (മുയൽപ്പീനവും സിംഹവും) ആരും എഴുന്നേറ്റില്ല. പരസ്പരം ഭീരുക്കളേ എന്നു വിളിച്ച് അലമ്പായി സഭ പിരിഞ്ഞു. ഭീരുത്വം ഇനിവയ്യെന്ന് പോരാളി മുയൽ ഫേസ്ബുക്കിൽ; ഭീരുത്വത്തിലും വലിയൊരു പ്രത്യയശാസ്ത്ര പ്രതിസന്ധിയില്ലെന്ന് ചിന്തകമുയൽ ചാറ്റിൽ. പറയാനുള്ളതൊക്കെ പറഞ്ഞുകഴിഞ്ഞതിന്റെ ആശ്വാസത്തിലിരിയ്ക്കുമ്പോൾ, കാറ്റിൽ ദുർഗന്ധത്തിന്റെ കവാത്ത്; പോരാളി മുയലിന്റെ വാതില്ക്കൽ സിംഹം. നമ്മുടെ വാതില്ക്കലുമുണ്ട് സാമ്രാജ്യത്വത്തിന്റെ, മതഭീകരതയുടെ ഫാസിസത്തിന്റെ സിംഹങ്ങൾ. അവരെ തോല്പിച്ച പഴയ വീരകഥകൾ തലയിണയ്ക്കു കീഴെ വെച്ച് ചുരുണ്ടുറങ്ങുന്നവരോട്, 'ഉണരൂ' എന്ന് ഇതിലും ശക്തമായി പറയുന്നതെങ്ങനെ? "നയങ്ങളിൽ കീർത്തിചോർത്താനുള്ള മൈക്രോവാൽവും, അരയിൽ ലാഭപ്പാൽ ഊറിവീഴാനുള്ള ചിരട്ടയും," ഘടിപ്പിച്ച നേതാക്കന്മാർക്കോ സാംസ്ക്കാരിക നായകന്മാർക്കോ ഈ സിംഹത്തെ നേരിടാനാവില്ല. "വേട്ടയാടപ്പെട്ടാലോ നാളെ നേട്ടധ്യാനിയായ ഞാനും" എന്നാകുലപ്പെടുന്ന 'നയതന്ത്രജ്ഞന്മാർക്കുമാവില്ല പ്രതികരിയ്ക്കാൻ. എന്നാൽ നൂറ്റാണ്ടുകളുടെ ചവിട്ടേറ്റ്, ചരിത്രത്തിന്റെ ഇരുൾവഴിയിൽ വീണുപോയ ദളിതന്, പെരുമ്പറയിലെന്നപോലെ ഉടലിൽ തൊഴിവീഴുമ്പോൾ ശ്രുതിമുറുകുന്ന ബോധത്തിൽ മുഷ്ടിചുരുട്ടി എഴുന്നേറ്റ്, സർവ്വയ്യയെപ്പോലെ പറയാൻ സാധിയ്ക്കും:

"ഈ ഒരുപിടി മണ്ണിൽ ഞാൻ
കാണിച്ചു തരാമെടാ ക്രോധമെന്തെന്ന്-"

(സർവ്വയ്യ)

നീതിഗാഥകൾ പാടിയ പഴയശാരിക അഴിക്കൂട്ടിൽ വിമൂകയാണ് എന്നും പെണ്മയുടെ പുതിയ ഇതിഹാസങ്ങൾ എഴുതപ്പെടേണ്ടതുണ്ട് എന്നും, സച്ചിദാനന്ദനുവേണ്ടി കുറിച്ച 'മഴ സാധക'നിൽ കെ.ജി.എസ്. എഴുതുന്നു. എന്നാൽ പുതിയകാലത്ത് പുതിയ പ്രണയങ്ങളാണ് ഇതിഹാസങ്ങളെഴുതുക. ആഖ്യാതാവായി വരുന്നതോ, പലരിലേയ്ക്ക് പിരിയുന്ന 'ഞാൻ'.

'നേരായപ്രേമമൊന്നില്ലേ? ഉണ്ടെന്ന് ആനേരാൽ
ഭീരുവും ധീരനാകുന്നു-"

'നാരുനാരായ് നരച്ച ഭീരു'വിന്റെ സ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കാൻ, 'മറ്റു പൂച്ചെടി ചെന്നുതിന്നുന്ന കൊറ്റനാടി'ന്റെ സ്ഥാനത്ത് കൊടുവിശപ്പുള്ള സിംഹത്തെ പ്രതിഷ്ഠിയ്ക്കാൻ,

"നിന്നാത്മാവുപോലുള്ള മാംസത്തി-
നെന്താണ് സ്വാദെന്ന്
തിന്നറിയാൻ-"

(രഹസ്യാരൂഢൻ)

മോഹിക്കുന്ന ഞാൻ. 'ലോല'നും 'അതിലോല'നും 'സങ്കല്പനു'മാണയാൾ.

"പിന്നെത്തിരിച്ച് ഞാൻ കുടയുമ്പോഴും
മായില്ല പാട്ടിലെഷെല്ലികീറ്റ്സും
കേൾക്കാമെനിയ്ക്കുള്ളിലേകാകി
ഭീരു രാപ്പാടി പാടും ഭയം-"

(അതിലോലൻ)

എന്ന് ഭയം പാടുന്ന പാട്ടിലൂടെ സ്വയം കണ്ടെടുക്കുന്ന ഒരാൾ. ആത്മാർത്ഥക്കുറവിൽ നിന്നുണ്ടാകുന്ന ഭയമാണിത്. പ്രണയത്തെ കാമം കൊണ്ടു പകരം വെയ്ക്കുകയും അതിനെ ഉദാത്തവത്ക്കരിയ്ക്കുകയും ചെയ്യുന്ന അയാളിൽ നിന്ന് ഇത്തിരി ദൂരമേയുള്ളൂ അതിരപ്പള്ളിക്കാട്ടിലെ കാണാസ്വർഗ്ഗത്തിലെ ഗന്ധർവ്വന്മാരുടെ ചാരനായി പ്രവർത്തിയ്ക്കുന്ന ഓട്ടോറിക്ഷാ ഡ്രൈവർക്ക് :

"ഓരോവെട്ടം കടന്നുപോകുമ്പോഴും
ഓരോ നിറം ഓട്ടോഡ്രൈവർക്ക്
വളരുന്നുണ്ട്
ഇവന്റെയുള്ളിൽ ഒരു ചൂണ്ട
വിടനെ കാമദേവനാക്കുന്ന
മാജിക്കൽ റിയലിസ്റ്റ് പിമ്പ്

(ഒറ്റയ്ക്കൊരുവൾ ഇരുട്ടിൽ ഓട്ടോയിൽ)

'ചീഞ്ഞുമായാനുള്ളതിൽ ചീയാത്ത ചിലതെഴുതും പ്രകൃതി' എന്നറിയുന്നു. ഒരു 'ഞാൻ' ഉണ്ടെങ്കിലും ലോകത്തോടൊപ്പം നിൽക്കുന്ന മറ്റേ'ഞാൻ'ന് നോട്ടം മാംസ നിബദ്ധതയിലാണ്:

"മാസം ഇല്ലാതായാൽ
ചരിത്രം ഇല്ലാതായെന്ന്
ആതാമാവില്ലാതായെന്ന്
ഭൂമി മുള്ളും മുരടും മാത്രമായെന്ന്–"

'പോൾക്ലീ'യെ പ്പോലെ വിഷാദിയ്ക്കുന്ന ലോകം

മാംസമേതിന്റെ മുകളിലും ഒരു ചൂണ്ടചുണ്ടുകൊടുത്തുന്നുണ്ട്. കടലിൽ നീന്തുന്ന കെഴവൻസ്രാവിനോട് (സ്രാത്തി) (അങ്ങനെയൊരു സ്തീലിംഗപദമുണ്ട്, കെ.ജി.എസ്സിന്റെ നിഘണ്ടുവിൽ സ്രാവിന്!) ചോദിയ്ക്കുന്നു: "തൂങ്ങുന്നുണ്ടോ, ഒരു ചൂണ്ട ന്റെ തലേടെ മേൽ?' കാലദേശാതീതമായ ജ്ഞാനമുള്ളതുകൊണ്ടാണ് സ്രാവ് 'കെഴവ'നായിരിയ്ക്കുന്നത്:

"നിന്റേം ഏതു മാംസത്തിന്റേംമേൽ
ഒരു ചൂണ്ട
ആർത്തിക്കഴു
ചുണ്ടേ കാണൂ:

കാണില്ലാരുമതിന്റെ തന്ത്രം
മൂർച്ച, ചിറകു വേഗം
ചരിത്രാതീത വിഷപ്പല്ല്
ലോകം ഇരക്കടലെന്ന തൃപ്തി
സായുധാന്വേഷണത്തിന്റെ
ദാർശനികരൂപമെന്ന നാട്യം–"

(റാഞ്ചാൻ)

സാമ്രാജ്യത്വത്തിന്റെ കഴുകൻചുണ്ടിന് എന്തും ഇരയാണ്. എന്നാലോ അവന്റെ ചൂണ്ടച്ചുണ്ടിന്റെ തിളക്കത്തിൽ മതിമറന്ന്; വിജയത്തിന്മേൽ മതിവരാത്ത വിജയികൾ, സ്വന്തം പാദത്തേക്കാൾ അന്യന്റെ കുളമ്പിഷ്ടപ്പെടുന്ന, അമ്മയേക്കാൾ ഗോമാതാവിനെയും സ്വന്തം ഭാഷയേക്കാൾ അന്യന്റെ കൊഞ്ഞപ്പിനേയും പ്രിയപ്പെടുന്ന 'ദുരന്തമിത്ര'ന്മാർ. അവർക്ക്,

"കാമത്തിന്റെ തീവ്രതച്ചടവ് മറയ്ക്കാൻ
കിടക്കയിൽ ക്രോധതീവ്രത
അന്യമുഖമാക്കാൻ, സ്വന്തം മുഖത്തോട്
സൗന്ദര്യയുദ്ധം–"

അവന്റെ പക്ഷിയാണ് ഈ ആർത്തിക്കഴു എന്നുകൂടി ഓർക്കേണ്ടതുണ്ട്. നീതിവിശപ്പില്ലാത്ത, അന്യനോവിനിടമില്ലാത്ത ഈ ജനശത്രുക്കളെയൊക്കെയാണ്, ആത്മപ്രതിച്ഛായയിൽ കണ്ടെടുത്ത് കവി എതിർകക്ഷിയാക്കുന്നതും വിചാരണചെയ്യുന്നതും. ആത്മവിചാരണ ചെയ്യുമ്പോൾ, ഈ ന്യായാധിപന് സ്വന്തം പേരിനോടുപോലും വെറുപ്പ്.

"ശങ്കിയ്ക്കട്ടെ ലോകത്തെ
ശ്വാനനെപ്പോലെ

ശം.
പാർത്തോട്ടെ
ഭയങ്കരനിൽ
കരൻ
വാഴട്ടെ പിയുടെ ഓർമ്മ
പക്ഷേ, അസഹ്യം
മുഖത്തേയ്ക്ക് കഴുതവാൽ കുടയുന്ന
ആ ജാതിയുള്ള-"

(പോരാട്ടം)

പലപേരിൽ വസിയ്ക്കാൻ, പലചിറകിൽപ്പറക്കാൻ പെസ്സാവയോ കമലയോപോലെ പലകൂടുള്ള കാടുകൾക്കേ കഴിയൂ എന്നും,

"നിറഞ്ഞും കലങ്ങിയും
അക്കരെ ഇക്കരെ മേക്കര
കീഴിക്കരപ്പച്ചകൾ കാട്ടിയും
ഒഴുകിത്തെളിഞ്ഞും കടലിൽ
കൂടലല്ലാതെന്ത് പേരാറ്?"

എന്നും 'പോരാട്ട'ത്തിൽ വായിയ്ക്കും. അക്കരപ്പച്ച എന്നുമാത്രം കേട്ടു പരിചയിച്ചവർക്ക് നാലുപാടും പരക്കുന്ന പച്ചകളേയും, പെരിയാറുപോലൊരു പേരാറ് മാത്രം കണ്ടുശീലിച്ചവർക്ക് അവനവന്റെ പ്രവൃത്തികൊണ്ട് ചാലിട്ടൊഴുകുന്ന സ്വന്തം 'പേരാറി'നെയും കൗതുകപൂർവ്വം നോക്കിക്കാണാനുമിടതരുന്നുണ്ട് ഈ കവിത.

ആത്മത്തിന്റെ വിപുലീകൃത രൂപമാണ് കെ.ജി.എസ്സിന് ദേശം, കേരളം. നവോത്ഥാനാന്തരകാലത്തെ ദേശത്തെ എഴുതുമ്പോൾ, അതിൽ അദ്ദേഹം പലപ്പോഴും പ്രവാസത്തെ ഉൾച്ചേർക്കുന്നതുകാണാം. പട്ടിണി കിടന്ന കേരളത്തെ വയറുനിറച്ച് ഊട്ടിയത് മറുനാടുകളാണ്. എന്നാൽ ഇന്ന് പ്രവാസത്തിന്റെ രൂപവും ഭാവവും മാറി. 'അന്യനാട്ടിൽ വേരറ്റു നീറുന്നതിന്റെ ആകുലത' എന്നതൊക്കെ ആലങ്കാരികമായിക്കഴിഞ്ഞല്ലോ. "ദൂരെയായിരിയ്ക്കുന്നതിൽ, നാട്ടിലില്ലാത്തതിൽ ആശ്വാസവും അഭിമാനവുമുള്ള പ്രവാസികൾ കുറവല്ല. എപ്പോൾ വേണമെങ്കിലും വന്നുപോകാനുള്ളവർക്ക് എന്തു പ്രവാസം...ഒരേ സമയം നാട്ടിലും മറുനാട്ടിലുമായിരിയ്ക്കാവുന്നതിന്റെ ഇരട്ടക്കുപ്പായമണിഞ്ഞ ഭാഷയിലാണവരുടെ യാത്രകൾ" എന്ന കവി തന്നെ പറഞ്ഞിട്ടുണ്ട് (എ.കെ. അബ്ദുൾഹക്കീമുമായുള്ള അഭിമുഖം, കവിമതം ആനന്ദാനുഭൂതിയോ, പു.123)

പ്രവാസം കേരളത്തിന്റെ സാമ്പത്തികപരിണാമത്തെ നിർണ്ണയിച്ചിട്ടുണ്ട്. അതുവഴി സാമൂഹിക പരിണാമത്തെയും.

"ഒരാൾ നാടുവിട്ടപ്പോൾ
ഒരു വംശത്തിന്റെ പുറപ്പാട് തോന്നി

ഇരയും ഇരിപ്പും തേടിപ്പറന്നൂ
കാക്കത്തൊള്ളായിരം–"

റിയാലായി, ദിനാറായി, ഡോളറായി, ലാൻക്രൂസറായി, ലെക്സസായി, ഹമ്മറായി, ധനികളോടു തുല്യതനേടി. ഒരാളല്ല, ഒരുദേശം. ഓർമ്മയിൽ മരുപ്പച്ച നിറച്ച ആൾക്കൂട്ടം. താഴത്തേതിൽ ദാസന്റെ രക്തസാക്ഷിത്വത്തിന്റെ തുടർച്ചപോലും അടയാളപ്പെടുന്നത്.

"ദാസന്റെ ഓലക്കുടിൽ
കൊട്ടാരം നാളെ: ഉണ്ട്
ഖത്തറിൽ ദാസന്റെ മോൻ–'

എന്നാകുന്നത് യാദൃച്ഛികമല്ല. ദാസന്റെ രക്തസാക്ഷിത്വവും മകന്റെ ഖത്തർ ജീവിതവും ഒരു വശത്തും, കുടിലും കൊട്ടാരവും മറുവശത്തും നിന്ന് കേരളത്തിന്റെ സമകാലികതയെ ചിത്രീകരിയ്ക്കും. "ചിതലുകുടിയേറി നെടിയകൊടിമരങ്ങൾ ദ്രവിച്ച്, അകം മണ്ണുപുറ്റായി, പുറംതോടാവുന്നതിന്റെ" മറുപുറത്താണ് മണിമേടകൾ ഉയരുന്നത്. ആഡംബരത്തിന്റെ നക്ഷത്രശോഭകൾ തെളിയുന്ന രമ്യഹർമ്മങ്ങൾ എന്നാലോ, അതിന്റെ മുറ്റത്തുലാത്തുമ്പോൾ,

"വീട്ടിലെത്താൻ വൈകുന്ന മോളാണിന്ന്
വിളക്കെല്ലാം കത്തുന്ന കണ്ണുനിറയെ
വിളക്കെല്ലാം കെടുന്ന കണ്ണുനിറയെ–"

സൗഹൃദത്തിന്റെയും അന്യോന്യമുള്ള കരുതലിന്റേയും ചുവടറുത്തുകളഞ്ഞ ജനതയ്ക്ക്, വീട്ടിലെത്താൻ വൈകുന്ന മക്കളെ കണ്ണിൽ കൊളുത്തിവെച്ച് ആകുലപ്പെടുകയല്ലാതെ എന്തുചെയ്യാൻ കഴിയും?

ചുരുക്കട്ടെ, "അവസാനത്തിന് തൊട്ടുമുമ്പ് കൂട്ടുകാർ സഹപ്രവർത്തകരിലേക്ക് സ്ഥലം മാറിപ്പോകുമ്പോൾ", "മറുചോദ്യത്തിലും നല്ല പ്രതിരോധം ഇന്നില്ല" എന്നു കേൾക്കുമ്പോൾ, "ഒരു വെളിച്ചവും എല്ലാംകാണിയ്ക്കില്ല" എന്നു കാണുമ്പോൾ, "എണീറ്റു നിന്നുവെന്നു തോന്നിയത് തലകുത്തിവീഴ്ചയായിരുന്നു"വെന്നറിയുമ്പോൾ, "ആത്മാവു കൊണ്ടു മാത്രമായില്ലല്ലോ" എന്ന് ശരീരം കലമ്പുമ്പോൾ ഈ തലതിരിഞ്ഞ ലോകത്തെ എന്തുചെയ്യണം? മാർക്സിന്റെ കണ്ണിൽ ഹെഗൽ എന്നപോലെ, ബുദ്ധന്റെ കണ്ണിൽ ജാതി എന്നപോലെ, ദാസിയുടെ കണ്ണിൽ നീതി എന്നപോലെ, എതിർ നീന്തുന്ന മീനിന്റെ കണ്ണിൽ പുഴ എന്നപോലെ, കവിയുടെ കണ്ണിൽ, ലോകം തലതിരിഞ്ഞിരിയ്ക്കുന്നു. അപ്പോൾ നീതികിട്ടാത്ത എല്ലാവർക്കും വേണ്ടി ലോകത്തെ തലതിരിച്ചിടേണ്ടിയിരിയ്ക്കുന്നു. കവിതയ്ക്ക്.